**FRIDAY SERMON വെള്ളിയാഴ്ച ഖുത്തുബ**

**Hazrat Khalifathullah Munir Ahmad Azim (A)**
**17 February 2017 (19Jamadul' Awwal 1438 Hijira)**

# "MUSLIH MA'UD" /മുസ്ലിഹ് മൗഊദ്

**സലാമിന് ശേഷം , തശഹ്ഹുദ, തഅവ്വദ്, സൂറ : ഫാത്തിഹ ഓതിയ ശേഷം മുസ്ലിഹ് മൗഊദ് എന്ന വിഷയത്തെ ആസ്പദമാക്കി ഖുത്തുബ നിർവ്വഹിക്കുകയുണ്ടായി.**

വാഗ്ദത്ത മസീഹ് ഹസ്രത് മിർസാഗുലാം അഹ്മദ് (അ) ന്റെ രണ്ടാം പിന്തുടർച്ചക്കക്കാരനായിരുന്നു. ഹസ്രത് മിർസാബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ). അദ്ദേഹം വളരെ പ്രശസ്തനായ ഒരു ഖലീഫ ആയിരുന്നു. അദ്ദേഹത്തിന്റെ ജനനത്തെപറ്റി മുൻ കഴിഞ്ഞ അനേകം പ്രവാചകന്മാരും സൂഫിവര്യന്മാരും മുൻ കൂട്ടി പറഞ്ഞിട്ടുള്ളതാകുന്നു. മാത്രമല്ല, വാഗ്ദത്ത മസീഹ് (അ) നും ഇസ്ലാമിന്റെ സത്യതാ സ്ഥാപനത്തിനു വേണ്ടി ദൈവീക അടയാളമായി, ഹോഷിയാർപുർ (ഇൻഡ്യ) ലെ 40 ദിവസത്തെ പ്രാർത്ഥനയുടെ ഫലമായി, ഇതു സംബന്ധമായ അറിയിപ്പ് അല്ലാഹുവിൽ നിന്ന് ലഭിക്കുകയുണ്ടായി. സർവ്വശക്തനായ അല്ലാഹു അദ്ദേഹത്തോട് സുവിശേഷം നല്കുകയുണ്ടായി. 9 വർഷങ്ങൾക്കകം തനിക്ക് ഇത്തരം ഒരു പരിശുദ്ധ സുതൻ പിറക്കുന്നതാണ് എന്ന് ! 1886 ഫെബ്രുവരി 20 ന് വാഗ്ദത്ത പരിഷ്ക്കർത്താവിനെകുറിച്ചുള്ള പ്രവചനം അദ്ദേഹം പ്രസിദ്ധീകരിക്കുകയും ചെയ്തു. ഈ ദൈവീക പ്രവചനത്തെ സാക്ഷാത്ക്കരിച്ച കൊണ്ട്, പറയപ്പെട്ട കാലയളവിനുള്ളിൽ തന്നെ, വാഗ്ദത്ത പുത്രൻ, വാഗദത്ത മസീഹ് (അ) ന് 1889 ജാനുവരി 12 ന് ഖാദിയാനിൽ ജനിക്കുകയുണ്ടായി. അദ്ദേഹത്തിന് ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് എന്ന നാമകരണം ചെയ്യുകയുണ്ടായി, വാഗ്ദത്ത പരിഷ്ക്കാർത്താവായ വാഗ്ദത്ത പുത്രന്റെ ചില ഗുണഗണങ്ങളും സൂചിപ്പിക്കുയുണ്ടായി. ഉദാഹരണത്തിന് അദ്ദേഹം അഗാധ ബുദ്ധിമാനായിരിക്കുമെന്നും, സമുന്നതനായ പണ്ഡിതനുമായിരിക്കുമെന്നും പ്രവചനം ചെയ്യപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ കീർത്തി ഭൂമിയുടെ അറ്റങ്ങളോളം വ്യാപിക്കുമെന്നും, സമുന്നതനായ പണ്ഡിതനുമായിരിക്കുമെന്ന് പ്രവചനം ചെയ്യപ്പെട്ടിരിക്കുന്നു

അദ്ദേഹത്തിന്റെ കീർത്തി ഭൂമിയുടെ അറ്റങ്ങളോളം വ്യാപിക്കുമെന്നും, അദ്ദേഹത്തിലൂടെ ലോകം അനുഗ്രഹിക്കപ്പെടും എന്നും പ്രവചനം ചെയ്യപ്പെട്ടിരിക്കുന്നു. നമുക്ക് അദ്ദേഹത്തിന്റെ ജീവചരിത്രം ഹ്രസ്വമായി ഒന്നു പഠന വിഷയമാക്കാം. ഹസ്രത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) എന്ന വ്യക്തിയിലൂടെ ഈ പ്രവചനം എങ്ങനെ പൂർത്തിയായിരിക്കുന്നു എന്നും നോക്കാം

അദ്ദേഹത്തിന്റെ പ്രാഥമിക വിദ്യാഭ്യാസം ഖാദിയാനിലെ ഒരു സ്ക്കുളിലായിരുന്നു. പിന്നീട് തഅ്ലീമുൽ ഇസ്ലാം സ്ക്കൂളിലായിരുന്നു. തഅ്ലീമുൽ ഇസ്ലാം സ്ക്കൂൾ 1898 ൽ ആണ് ഖാദിയാനിൽ സ്ഥാപിതമായത് ! അദ്ദേഹത്തിന് പഠനത്തിൽ നല്ല നിലവാരം പുലർത്തുവാൻ കഴിഞ്ഞില്ല. 1905 മാർച്ച് അവസാനത്തിൽ അദ്ദേഹത്തിന്റെ പഠന ജീവിതം അവസാനിച്ചു. മെട്രിക്കുലേഷൻ, (ക്ലാസ്സ് 10) പരിക്ഷയിൽ തോറ്റു. 1903 ഒക്ടോബർ മാസത്തിൽ, പരിക്ഷയിൽ തോറ്റതിന്, ഏകദേശം 2 വർഷം മുമ്പ് സയ്യിദ : മഹ്മൂദ : ബീഗം സാഹിബ (ഹസ്രത് ഉമ്മുന്നാസിർ (റ)) യെ അദ്ദേഹം വിവാഹം കഴിച്ചു.

വിശുദ്ധഖുർ ആനും പ്രവാചക വചനങ്ങളും പരിഭാഷപ്പെടുത്തുന്നതിനായുള്ള പഠനം ഹസ്രത് മൗലാനാ നൂറുദ്ദീൻ (റ) വിൽ നിന്ന് ആരംഭിച്ചു. മാത്രമല്ല മതത്തെക്കുറിച്ചുള്ള സ്വതന്ത്ര പഠനം, മറ്റനേകം വിഷയങ്ങളിലുള്ള പഠനവും ആരംഭിച്ചു. അദ്ദേഹം അങ്ങനെ ഒരു മഹാനായ പണ്ഡിതനായി വളരുകയായിരുന്നു. അനേകം വിഷയങ്ങളിൽ അദ്ദേഹം അതിനിപുണനായി തീർന്നു.

അങ്ങനെ വാഗ്ദത്ത മസീഹ് (അ) ന്റെ താഴെപറയുന്ന പ്രവചനം വാഗ്ദത്ത പരിഷകർത്താവായ ഈ വ്യക്തിയിലൂടെ വ്യക്തമായും പൂർത്തിയാവുകയായിരുന്നു. അദ്ദേഹം അതിബുദ്ധിമാനായിരിക്കും, പണ്ഡിതനായിരിക്കും, ക്ഷമാശീലനായിരിക്കും, ഭൗതികവും ആത്മീയവുമായ അറിവുകളാൽ സമ്പന്നനായിരിക്കും.

1905 ൽ അദ്ദേഹത്തിന് ആദ്യത്തെ ദൈവീക വെളിപാട് ലഭിക്കുകയുണ്ടായി. അന്ന് അദ്ദേഹത്തിന് 16 വയസ്സ് പ്രായമായിരുന്നു. ഖിയാമത്ത് നാൾവരേയും നിന്നെ വിശ്വസിക്കുന്നവരെ, നിന്നെ അവിശ്വസിക്കുന്നവരുടെ മേൽ ഉയർത്തുന്നതാണ്.. 1907 ൽ സൂറ : അൽഫാത്വിഹായുടെ വ്യാഖ്യാനം ഒരു മാലാഖ അദ്ദേഹത്തെ പഠിപ്പിക്കുകയുണ്ടായി. വിശുദ്ധഖുർ ആനിലെ ഒന്നാമെത്തെ അദ്ധ്യായം ! അന്ന് മുതൽ വിശുദ്ധഖുർ ആന്റെ വ്യഖ്യാനം സംബന്ധമായ അസാധാരണമായ അറിവിനാൽ അദ്ദേഹം അലംകൃതനായി

വാഗ്ദത്ത മസീഹ് (അ) വഫാത്തായപ്പോൾ ഹസ്രത് മുസ്ലിഹ് മൗഊദ് (അ) ന് 19 വയസ്സ് പ്രായമായിരുന്നു. ഈ നിർണ്ണായക സംഭവസമയത്ത് വഫാത്തായ തന്റെ പിതാവിന്റെ മയ്യിത്തിന്നരികിൽ നിന്ന് 1908 മെയ് 26 ന്, താഴെ പറയുന്ന ശപഥം ചെയ്യുകയുണ്ടായി. **അങ്ങയെ എല്ലാ ജനങ്ങളും കയ്യൊഴിഞ്ഞാലും (വാഗ്ദത്തമസീഹിനെ) ലോകത്തിന്റെ മുമ്പിൽ അവരുടെ എതിർപ്പോ, ശത്രുതയോ പരിഗണിക്കാതെ, ഞാനൊറ്റയ്ക്കായാലും ഈ സത്യതയ്ക്കായി നിലകൊള്ളുന്നതാണ്.**

1911 ഫെബ്രുവരിയിൽ അദ്ദേഹം അൻജുമൻ അൻസാറുല്ലാ സ്ഥാപിച്ചു. 1912 സെപ്തംബറിൽ ഹജ്ജ് കർമ്മത്തിനായി മക്കയിലേക്ക് പോയി. 1913 ൽ അൽഫസ്ൽ പത്രം പ്രസിദ്ധീകരണം ആരംഭിച്ചു. 1914 മാർച്ച് 14 ന് വാഗദത്തമസീഹ് (അ) ന്റെ  ഒന്നാമത്തെ പിന്തുടർച്ചക്കാരൻ ഖലീഫത്തുൽ മസീഹ് ഒന്നാമൻ (റ) ന്റെ വഫാത്തിനെ തുടർന്ന് ഹസ്രത് മിർസാ ബശീറുദ്ദീൻ (റ) നെ ഖലീഫത്തുൽ മസീഹ് രണ്ടാമനായി ഐക്യകണ്ഠേന തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. അന്ന് അദ്ദേഹത്തിന് 25 വയസ്സ് പ്രായമായിരുന്നു. ഈ സന്ദർഭത്തിൽ ഏകദേശം 2000 അഹ്മദീ മുസ്ലിംകൾ അവിടെ സന്നിഹിതരായിരുന്നു. അവരെല്ലാം അദ്ദേഹത്തിന്റെ കൈകളിൽ ബൈഅത്ത് ചെയ്യുകയുണ്ടായി

ഹസ്രത് ഖലീഫത്തുൽ മസീഹ് രണ്ടാമന്റെ മഹത്തായ നേതൃത്വത്തിൽ കീഴിൽ അഹമ്ദിയ്യ സമൂഹം പുരോഗതിയുടെ കൊടുമുടി കയറി അദ്ദേഹത്തിന്റെ 52 വർഷം നീണ്ടു നിന്ന് ഖിലാഫത്ത് കാലം അസാധാരണവും, മഹത്വപൂർണ്ണവുമായ നേട്ടങ്ങളുടേയും വഴിത്തിരിവുകളുടെയും കാലം തന്നെ ആയിരുന്നു. അത് ദൈവീക സഹായം കൊണ്ട് തെളിയിക്കപ്പെട്ടതുമാണ്. അദ്ദേഹത്തിന്റെ ഖിലാഫത്തിന്റെ പ്രഥമ നാൾ മുതൽ തന്നെ, സമുദായത്തെ ഏകോപിപ്പിക്കുവാനും ഒന്നാക്കി തീർക്കുവാനും എല്ലാ നടപടികളും സ്വീകരിക്കുകയാണ്ടായി. പെട്ടെന്ന് തന്നെ അദ്ദേഹത്തിന് പ്രതിസന്ധികൾ തരണം ചെയ്യുവാൻ കഴിഞ്ഞു. ഐക്യം സുസ്ഥാപിതമായി. ലോകം മുഴുവൻ ഇസ്ലാം വ്യാപിപ്പിക്കുന്നതിനുള്ള ബ്രഹത്തായ പദ്ധതികൾ അദ്ദേഹം ആസ്ത്രൂണം ചെയ്തു. അങ്ങനെ **വാഗ്ദത്ത പരിഷ്ക്കർത്താവ്** എന്ന പ്രവചനം മഹത്തായ സമ്പൂർണ്ണ ഭാവത്തോടെ പൂർത്തികരിക്കപ്പെടുകയുണ്ടായി. അൽഹംദുലില്ലാഹ് ! സുമ്മ അൽഹംദുലില്ലാഹ് !

**Translated by:**
**R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**